പേപ്പട്ടിവിഷത്തിനെതിരെയുള്ള വാക്സിൻ സൂക്ഷിക്കുന്നതിന് നടപടി

14 (*164)ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും പേപ്പട്ടി വിഷത്തിന് എതിരെയുള്ള വാക്സിൻ സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പല ആശുപത്രികളിലും വാക്സിൻ ലഭ്യമല്ലാത്തതുകൊണ്ട് പേപ്പട്ടിവിഷം ബാധിച്ച് രോഗികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പലരും പേവിഷബാധയേറ്റ് മരിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നതായി അറിയുമോ;

(ഡി) സംസ്ഥാനത്തെ ആശുപത്രികളിൽ വാക്സിൻ ഇല്ലാത്തതുകൊണ്ട് തമിഴ്നാട്ടിൽ നിന്നും വാക്സിൻ വാങ്ങേണ്ട സാഹചര്യം ഉണ്ടാകുന്നതായി അറിയുമോ;

(ഇ) ഇതൊഴിവാക്കുന്നതിനും പേവിഷബാധയേൽക്കുന്ന രോഗികൾക്ക് പെട്ടെന്ന് വാക്സിൻ കുത്തിവെയ്ക്കുന്നതിനും ആശുപത്രികളിൽ ആവശ്യമായ വാക്സിൻ കരുതിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) പേപ്പട്ടിവിഷത്തിന് എതിരെയുള്ള വാക്സിൻ എല്ലാ ജില്ലകളിലും ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്.

(ബി) പേപ്പട്ടിവിഷ വാക്സിന് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മരുന്ന് ലഭിക്കാതെ പേവിഷബാധയേറ്റ് രോഗികൾ മരിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) എല്ലാ ആശുപത്രികളിലും ആവശ്യമായ വാക്സിൻ കരുതിവയ്ക്കണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

ഡോക്ടർമാരുടെ കുറവ് നികത്താൻ നടപടി

15 (*165)ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly